"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻകീഴിൽ തയ്യാറാക്കിയ തൃശ്ശൂർ മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.66/2024/LSGD തീയതി,തിരുവനന്തപുരം, 15-06-2024**

പരാമർശം:- 1. 25.02.2023 ലെ സ.ഉ.(കൈ.)നം.59/2023/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവ്

2. 31.10.2023 ലെ തൃശ്ശൂർ നഗരസഭ കൗൺസിലിന്റെ 1-ാം നമ്പർ തീരുമാനം.

3. 16.02.2024 ലെ തൃശ്ശൂർ നഗരസഭ സെക്രട്ടറിയുടെ ഡി.ഡബ്ല്യൂ.7-59191/18 നമ്പർ കത്ത്.

4. 18.04.2024 ലെ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) -ന്റെ എൽ.എസ്.ജി.ഡി./പി.ഡി./21025/2023-ടിസിപിബി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അമൃത് 1.0 ഉപപദ്ധതി GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്നതിന് കീഴിൽ തൃശ്ശൂർ നഗരസഭ പ്രദേശത്തിനുവേണ്ടി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനിനു പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, കരട് മാസ്റ്റർപ്ലാൻ ആക്ഷേപനിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് നഗരസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(2) മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച വിവരം നോട്ടീസിലൂടെ ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ലഭ്യമായ 584 ആക്ഷേപാഭിപ്രായങ്ങൾ പരിശോധിച്ചതിന്മേലുള്ള സ്പെഷ്യൽ കമ്മിറ്റിയുടെയും നഗരസഭ കൌൺസിലിന്റെയും ശുപാർശ രേഖപ്പെടുത്തിയ ഫാറം-1 ന്റെയും അന്തിമ അനുമതിക്കായി ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലും നഗരസഭാ കൗൺസിലിന്റെ മറ്റു തീരുമാനങ്ങൾ പ്രകാരവും

അംഗീകരിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച കരട് മാസ്റ്റർ പ്ലാൻ സർക്കാരിലേക്ക് അയച്ചു നൽകുവാൻ തൃശ്ശൂർ നഗരസഭ കൗൺസിൽ പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(3) 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ 36(6) വകുപ്പ് പ്രകാരം സ്പെഷ്യൽ കമ്മിറ്റി ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് നഗരസഭ കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ട സമയപരിധിയും 36(7) പ്രകാരം നഗരസഭ കരട് മാസ്റ്റർ പ്ലാനിനു സർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കേണ്ട സമയപരിധിയും കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത കാലതാമസം, ആക്റ്റിന്റെ 36 (11) വകുപ്പ് പ്രകാരം സാധൂകരിച്ചു കൊണ്ട് പ്രസ്തുത കരട് മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകാവുന്നതാണെന്ന് പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ മാസ്റ്റർപ്ലാനിന്മേൽ 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വകപ്പ് 36(6), 36(7) പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ എടുത്ത കാലതാമസം, ആക്റ്റിന്റെ വകുപ്പ് 36(11) പ്രകാരം സാധൂകരിച്ചു നൽകുന്നതോടൊപ്പം തൃശ്ശൂർ മാസ്റ്റർപ്ലാനിന്, 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36 (8) പ്രകാരവും. 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും, അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗാരസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, തൃശ്ശൂർ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
5. എക്സിക്യുട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
Date: 18-06-2024 16:47:15

സെക്ഷൻ ഓഫീസർ